നമ്പർ: ബി3.27740/95.

ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ആഫീസ്,
തിരുവനന്തപുരം,
തീയതി: 1.7.'95.

<u>സർക്കുലർ നമ്പർ: 6/95.</u>

വിഷയം:- വനംവകുപ്പ് - ജീവനക്കാരുടെ പേരിലുള്ള അച്ചടക്കനടപടി ചട്ടങ്ങൾ കൃത്യമായി പാലിക്കുന്നത് സർക്കാർ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നത് സംബന്ധിച്ച്.

സൂചന:- 12.6.'95-ലെ സർക്കാർ നമ്പർ: 17042/എ1/94/വനം കത്ത്.

------

വനംവകുപ്പിലെ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ആഫീസ് മുതൽ ഡിവിഷൻ തലംവരെയുള്ള ആഫീസുകളിൽ 1980 മുതൽ തുടങ്ങിയ ചില അച്ചടക്കനടപടികൾ പൂർത്തിയാകാതെ കിടക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഈ കേസുകളുമായി ബന്ധപ്പെട്ട ജീവനക്കാരിൽ പലരും റിട്ടയർ ചെയ്തതിനുശേഷം വർഷങ്ങൾ തന്നെ കഴിഞ്ഞതിൽ ശിക്ഷണ നടപടി സ്വീകരിക്കേണ്ട കേസായിരുന്നിട്ടും അച്ചടക്കനടപടിയിൽനിന്ന് ഒഴിവാക്കി തീരുമാനമെടുക്കേണ്ടതായ അവസ്ഥ ഉണ്ടായതായും സർക്കാരിന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. അച്ചടക്കനടപടി പൂർത്തിയാക്കുന്നതിന് നേരിട്ട കാലതാമസം മൂലം സർവ്വീസിൽനിന്ന് റിട്ടയർ ചെയ്ത പലരുടേയും പേരിൽ ഇപ്പോൾ കേരള സർവ്വീസ് റൂൾ ഭാഗം 3 ചട്ടം 3 പ്രകാരം നടപടി സർക്കാർ തലത്തിൽ സ്വീകരിച്ചുവരികയുമാണ്. പല കേസുകളിലും അച്ചടക്കനടപടിയുടെ ഭാഗമായി നടത്തപ്പെടുന്ന ഔപചാരിക അന്വേഷണം പൂർത്തിയാക്കുന്നതിന് കാലതാമസം എടുക്കുന്നതായും ചില കേസുകളിൽ അന്വേഷണറിപ്പോർട്ട് കിട്ടിയതിനുശേഷം അച്ചടക്ക നടപടി പൂർത്തിയാക്കുന്നതിന് അഞ്ചും, ആറും, വർഷം എടുക്കുന്ന സ്ഥിതിയും ഉണ്ടായിട്ടുണ്ട്. ഈ സാഹചര്യത്തിൽ വനംവകുപ്പിലെ ജീവനക്കാരുടെ പേരിലുള്ള അച്ചടക്കനടപടികൾ സംബന്ധിച്ച ഫയലുകൾ കൈകാര്യം ചെയ്യുമ്പോൾ ചുവടെ പരാമർശിക്കുന്ന കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കണമെന്ന് ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

1. അച്ചടക്കനടപടി ആരംഭിക്കുന്നതിന് മുൻപ് കുറ്റാരോപിതർ മേജർ പണിഷ്മെന്റാണോ, മൈനർ പണിഷ്മെന്റാണോ അർഹിക്കുന്നതെന്ന് ഡിസിപ്ലിനറി അതോറിറ്റി തീരുമാനമെടുത്ത അതിനനുസരിച്ചുള്ള കുറ്റപത്രം (ചാർജ്ജ്മെമ്മോ) അവർക്ക് നൽകേണ്ടതാണ്. ഏത് തരം ശിക്ഷണനടപടിക്കും മേജർ പണിഷ്മെന്റിനുള്ള ചാർജ്ജ് മെമ്മോ നൽകുന്നത് ശരിയല്ല.

2. മേജർ പണിഷ്മെന്റിനുള്ള ചാർജ്ജ് മെമ്മോ നൽകിയാൽ കെ.സി.എ.സി.സി.എ.റൂളിൽ ചട്ടം 15-ൽ പ്രതിപാദിക്കുന്ന വിധത്തിലുള്ള അന്വേഷണവിചാരണ നടത്തിയതിന് ശേഷമേ ശിക്ഷണ നടപടിയിൽ തീർപ്പുകൽപ്പിക്കുവാൻ പാടുള്ളൂ. മേജർ പണിഷ്മെന്റിനുള്ള ചാർജ്ജ് മെമ്മോ നൽകിയശേഷം വിചാരണ നടത്താതെ മൈനർ പണിഷ്മെന്റ് നല്കി അച്ചടക്ക ശിക്ഷണനടപടി അവസാനിപ്പിക്കാവുന്നതല്ല.

3. കുറ്റപത്രവും കുറ്റാരോപണപത്രികയും (ചാർജ്ജ് മെമ്മോയിലും സ്റ്റേറ്റ്മെന്റ് ഓഫ് അലിഗേഷനിലും) ഓരോ ജീവനക്കാരൻ സർക്കാരിനെന്തെങ്കിലും നഷ്ടം വരുത്തിയതായി ബോദ്ധ്യപ്പെട്ടിട്ടുണ്ടെങ്കിൽ അതിന്റെ ഏകദേശം കൃത്യമായി തുക കണക്കാക്കി രേഖപ്പെടുത്തി അറിയിക്കേണ്ടതാണ്. അല്ലാതെ കുറ്റക്കാരാണെന്ന് കണ്ട പദ്ധതിയുടെ നടത്തിപ്പിനായി എസ്റ്റിമേറ്റ്പ്രകാരം തീരുമാനിച്ച തുകയോ മസ്റ്റർറോളിൽ പദ്ധതിയുമായി ബന്ധപ്പെട്ട മറ്റ് മൊത്തം തുക നഷ്ടമോ ബാദ്ധ്യതയോ ആയി കാണിച്ച് കുറ്റവാളികൾക്ക് മെമ്മോ കൊടുക്കുന്നത് ഉചിതമല്ല.

4. എ.സി.എഫ് വരെയുള്ള ജീവനക്കാരുടെ പേരിൽ മൈനർ പണിഷ്മെന്റ് സ്വീകരിക്കുന്നതിന് ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ 28.12.'89-ലെ എം.എസ്.348/89/ജി.എ.ഡി.നമ്പർ സർക്കാർ ഉത്തരവ് മുഖേന അധികാരം നൽകിയിട്ടുള്ളതിനാൽ പ്രസ്തുത ജീവനക്കാരുടെ പേരിൽതന്നെ കഠിന ശിക്ഷ വിധിക്കുന്നതിനുള്ള അച്ചടക്കനടപടി സ്വീകരിക്കണമെങ്കിൽ മാത്രം ആവശ്യമായ ശുപാർശ ബന്ധപ്പെട്ട രേഖകൾ സഹിതം സർക്കാരിൽ സമർപ്പിച്ചാൽമതി.

5. കുറ്റാരോപിതർ റിട്ടയർ ചെയ്യുന്ന കേസുകളിൽ അച്ചടക്കനടപടികളിൽ തീർപ്പുകൽപ്പിക്കാത്തതിനാൽ റിട്ടയർമെന്റാനുകൂല്യങ്ങൾ നൽകുന്നതിന്

(തുടർച്ച.......2)

കാലതാമസം നേരിടുന്ന കേസുകളിൽ പലിശ നൽകുന്നതിന കോടതിയിൽനിന്ന് ഈയിടുത്ത കാലത്തായി ധാരാളം വിധികൾ വരികയുണ്ടായി. അതനുസരിച്ചുള്ള എല്ലാ കേസുകളിലും അപ്പീലിന് സാദ്ധ്യതയില്ലെന്ന് അഡ്വ: ജനറലിന്റെ റിപ്പോർട്ട് പരിഗണിച്ച് പലിശ അനുവദിച്ച് നൽകുകയുണ്ടായി. മേലിൽ ഇത്തരത്തിലുള്ള വിധിക്ക് കോടതിക്ക് അവസരം നൽകാതെ അച്ചടക്കനടപടിയിൽ തീർപ്പുകൽപ്പിക്കണം. അച്ചടക്കനടപടികളിൽ വകുപ്പ് തലത്തിൽ കൈക്കൊണ്ട നടപടികളിലെ അനാവശ്യ കാലതാമസം കൊണ്ടാണ് പെൻഷനാനുകൂല്യങ്ങൾക്ക് പലിശ നൽകേണ്ടിവരുന്നതെങ്കിൽ ടി തുക കാലതാമസം വരുത്തുന്നതിന് ഉത്തരവാദികളായ ജീവനക്കാരിൽനിന്നും ഈടാക്കുന്നതാണ്.

ഈ സർക്കുലർ കൈപ്പറ്റിയവിവരം ഈ ആഫീസ്സിൽ അറിയിക്കുകയും, ഇനിമുതൽ ടി വിഷയം സംബന്ധിച്ചുള്ള ഫയലുകൾ കൈകാര്യം ചെയ്യുംപോൾ സർക്കാരിന്റെ നിർദ്ദേശം അനുസരിച്ച് നടപടി സ്വീകരിക്കേണ്ടതാണ്.

(ഒപ്പ്)
ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം)

പകർപ്പ്: എല്ലാ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും മുതൽ പേർ

(പകർപ്പ്)

<u>മേലെഴുത്ത് നമ്പർ: ജി1.6368/95, തീയതി: 20.3.'96.</u>

പകർപ്പ്: ജി1, ജി2, സ്റ്റോക്ക്ഫയലിൽലേയ്ക്ക്.
" സി.എഫ്/ടി.എ/എ.എ/എസ്.എസ/ഐ.എസ്(2) എന്നിവർക്ക് അറിവിലേയ്ക്കായി നൽകുന്നു.

ഫോറസ്റ്റ് കൺസർവേറ്റർക്ക് വേണ്ടി

കെ/26.3.'96.

66
20